"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി - 24.06.2021-ലെ ഉപസമിതി യോഗ തീരുമാനത്തിന്മേലുള്ള ശുപാർശകൾ
(പൊതുവിഷയങ്ങളിലെ തീരുമാനങ്ങൾ) അംഗീകരിച്ച് ഉത്തരവാകുന്നു.

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.192/2021/ഐ & പി.ആര് തീയതി,തിരുവനന്തപുരം, 03/12/2021

പരാമർശം:-

1. സ.ഉ (പി ) നമ്പർ 02/2000/പിആർ തീയതി 04.02.2000.
2. 11.02.2021-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പെൻഷൻ മാനേജിംഗ് കമ്മിറ്റി യോഗ തീരുമാനം.
3. 04.05.2021-ലെ സ.ഉ (സാധാ) നമ്പർ 73/2021/ഐ&പി.ആർ
4. 24.06.2021-ലെ പത്രപ്രവർത്തകേതര പെൻഷൻ ഉപസമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

പത്രപ്രവർത്തകേതര ക്ഷേമ പെൻഷൻ പദ്ധതിയുടെ മാനേജിംഗ് കമ്മിറ്റി 11.02.2021-ൽ ഓൺ ലൈനായി യോഗം ചേരുകയുണ്ടായി. സമയപരിമിതി കാരണം വ്യക്തിഗതവിഷയങ്ങൾ പ്രസ്തുത യോഗത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത യോഗതീരുമാനപ്രകാരം പുറപ്പെടുവിച്ച പരാമർ ശം (2)-ലെ ഉത്തരവിൽ വിഷയം നം. 7 പ്രകാരം ഉപസമിതിക്ക് കൂടുതൽ ഉത്തരവാദിത്വം/അധികാരം നൽകുകയും താൽക്കാലിക അംഗത്വം, താൽക്കാലിക പെൻഷൻ, അംഗത്വം പുനഃസ്ഥാപിക്കൽ തുടങ്ങിയ വിഷയങ്ങളിൽ ഡയറക്ടറുടെ തീരുമാനം സാധൂകരിക്കാനും അതുവഴി പെൻഷൻ, അംഗത്വം എന്നിവ സ്ഥിരപ്പെടുത്താനും ഉള്ള അധികാരം ഉപസമിതിക്ക് നൽകുകയും ചെയ്തു. ആയതിൻ പ്രകാരം പ്രസ്തുത ഉപസമിതി യോഗം പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 24.06.2021-ൽ ചേരുകയുണ്ടായി. യോഗത്തിന്റെ പരിഗണനയിൽ വന്ന പ്രധാനപ്പെട്ട പൊതുവിഷയങ്ങളിന്മേലുള്ള ശുപാർശ ചുവടെപ്പറയും പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

**1) അംഗത്വം തുടങ്ങുന്നതും അംശദായം അടച്ചു തുടങ്ങേണ്ടതുമായ തീയതിയുടെ സ്പഷ്ടീകരണം**

ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുൻപ് സർവീസിൽ പ്രവേശിച്ച അംഗങ്ങൾ ജോലിയിൽ പ്രവേശിച്ച തീയതി മുതലുള്ള അംശദായം അടയ്ക്കണമെന്ന് പറയുന്നത് ഇപ്പോൾ അവർ ജോലിയിൽ നിന്ന് വിരമിച്ച് ഒരു വരുമാനവുമില്ലാത്ത സാഹചര്യത്തിൽ നീതിയുക്തമല്ല. അതിനാൽ "ഒരംഗം ജോലിയിൽ പ്രവേശിച്ച തീയതി മുതൽ അംശദായം അടയ്ക്കേണ്ടതാണ്" എന്ന പരാമർശം (1) ഉത്തരവിലെ ചട്ടം 9-ലെ വ്യവസ്ഥയിൽ ഇളവ് കൊണ്ടുവരാമെന്ന ശുപാർശ അംഗീകരിച്ച് ഉത്തരവാകുന്നു. ഇതു സംബന്ധിച്ച ഉപസമിതി തീരുമാനത്തിന്റെ ശുപാർശ പ്രകാരം താഴെപ്പറയുന്ന വ്യവസ്ഥകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

1.(A) പദ്ധതി ചട്ടങ്ങൾ നിലവിൽ വന്ന 2000 ഫെബ്രുവരി 4-നോ അതിനു മുൻപോ സ്ഥിരം സർവീസിൽ പ്രവേശിച്ച അംഗങ്ങൾ അംഗത്വത്തിനായി എന്ന് അപേക്ഷ നൽകിയാലും അംഗത്വത്തിന് പ്രാബല്യം 2004 ജനുവരി 1 മുതൽ ആയിരിക്കും എന്നും, 2004 ജനുവരി മുതലുള്ള അംശദായം, ഓരോരോ കാലങ്ങളിലും നിലവിൽ ഉള്ള നിരക്ക് പ്രകാരം ഒടുക്കേണ്ടതാണ്.

**1.(B)** 2000 ഫെബ്രുവരി 4-നോ അതിനു മുമ്പോ സർവ്വീസിൽ പ്രവേശിച്ച് അംഗത്വം നേടി, അംശദായം പൂർണമായി അടയ്ക്കാത്തവരും 24.06.2021-ലെ യോഗതീരുമാനവുമായി ബന്ധപ്പെട്ടു പുറപ്പെടുവിക്കുന്ന ഉത്തരവ് തീയതിയിൽ അംഗത്വം ഉള്ളവരും, സർവ്വീസിൽ നിന്ന് വിരമിച്ച് ഇതുവരെ പെൻഷൻ അനുവദിച്ചു ഉത്തരവ് ലഭിക്കാത്തവരും ആയവർക്ക്, 2004 ജനുവരി മുതൽ ഉള്ള കുടിശിക ഉണ്ടെങ്കിൽ പിഴപ്പലിശ കൂടാതെ ഒറ്റത്തവണയായി, 2022 മെയ് 31-നകം അടയ്ക്കാൻ അവസരം നൽകുന്നു.

1.(C) 2000 ഫെബ്രുവരി 4-നോ അതിനു മുമ്പോ സർവ്വീസിൽ പ്രവേശിച്ച് അംഗത്വം നേടി, അംശദായം പൂർണമായി അടയ്ക്കാത്തവരും ഇതിനകം പെൻഷൻ അനുവദിച്ച ഉത്തരവ് ലഭിച്ചവരും/ അക്കൗണ്ടിൽ പെൻഷൻ ലഭിച്ചു തുടങ്ങിയവരും ആയവർക്ക് 2004 ജനുവരി മുതൽ കുടിശ്ശിക ഉണ്ടെങ്കിൽ പിഴപ്പലിശ കൂടാതെ ഒറ്റത്തവണയായി തുക അടയ്ക്കാൻ അവസരം നൽകുന്നു.

1.(D) ചട്ടം 9-ലെ 'ജോലിയിൽ പ്രവേശിച്ച തീയതി' എന്നാൽ സ്ഥാപനത്തിലെ സ്ഥിരം സർവ്വീസിൽ എന്നു മുതൽ അർഹത ഉണ്ടെന്ന് രേഖപ്പെടുത്തിയ തീയതി ആയിരിക്കും. സ്ഥിരം സർവ്വീസ് അല്ലാതെ കരാർ നിയമനമോ മറ്റു വിധത്തിലുള്ള നിയമനമോ ജോലിയിൽ പ്രവേശിച്ച തീയതിയായി കണക്കാക്കേണ്ടതില്ല. ചട്ടം പ്രാബല്യത്തിൽ വന്നതിനു ശേഷം അംഗത്വം നേടി നിലവിൽ സർവീസിൽ ഉള്ളവരും ഇനി അംഗത്വം നേടുന്നവരും ഈ തീയതി മുതൽ അംശദായം അടയ്ക്കണം. ചട്ടം 3 (എഫ്)-ൽ പരാമർശിക്കുന്ന സ്ഥാപനത്തിൽ സ്ഥിരം സർവീസിൽ പ്രവേശിച്ച അംഗങ്ങളെയാണ് അംഗത്വത്തിന് പരിഗണിക്കുക. അംഗത്വത്തിനായി എന്ന് അപേക്ഷ നൽകിയാലും, അംഗത്വത്തിന് പരിഗണിക്കുന്ന സ്ഥാപനത്തിലെ സ്ഥിരം ജോലിയിൽ പ്രവേശിച്ച/അർഹത രേഖപ്പെടുത്തിയ തീയതി മുതലായിരിക്കും അംഗത്വത്തിന് പ്രാബല്യം. എന്ന് അംഗത്വം നേടിയാലും മേൽപ്രകാരം സ്ഥിരം ജോലിയിൽ പ്രവേശിച്ച മാസം മുതൽ ഉള്ള അംശദായം അടയ്ക്കണം. ഒരു തസ്തികയിൽ സ്ഥിരപ്പെട്ടാൽ മാത്രമേ അംഗത്വം നൽകൂ. അംഗത്വത്തിനു പ്രാബല്യമുള്ള തീയതി മുതൽ 58 വയസ് പൂർത്തിയാകുന്നത് വരെ അംശദായം അടച്ചിരിക്കണം. മേൽപ്രകാരം സ്ഥിരം ജോലിയിൽ പ്രവേശിച്ച മാസം മുതൽ ഉള്ള അംശദായം അതാതു കാലങ്ങളിൽ നിലവിലുള്ള നിരക്ക് പ്രകാരം അടയ്ക്കേണ്ടതാണ്.

സ്ഥാപനത്തിലെ പെൻഷൻ പ്രായം 58 വയസിനു മുമ്പാണെങ്കിൽ പ്രസ്തുത പ്രായത്തിൽ വിരമിക്കുന്നവർ 58 വയസ് വരെ അംശദായം അടച്ചിരിക്കണം. സ്ഥാപനത്തിലെ പെൻഷൻ പ്രായം 58 വയസിനു ശേഷമാണെങ്കിൽ 58 വയസ് പൂർത്തിയാകുന്ന മാസം വരെ അംശദായം അടച്ചാൽ മതി. എന്നാൽ അവർക്ക് 60 വയസ് മുതൽ മാത്രമേ പെൻഷന് അർഹതയുള്ളൂ .

1.(E) പദ്ധതി ചട്ടങ്ങൾ നിലവിൽ വന്ന 2000 ഫെബ്രുവരി 4 നു ശേഷം, ചട്ടം 3 (എഫ്)-ൽ പരാമർശിക്കുന്ന സ്ഥാപനത്തിൽ സ്ഥിരം സർവീസിൽ പ്രവേശിച്ച അംഗങ്ങളിൽ പൂർണമായി അംശദായം അടയ്ക്കാത്തവരും 24.06.2021-ലെ യോഗതീരുമാനവുമായി ബന്ധപ്പെട്ടു പുറപ്പെടുവിക്കുന്ന ഉത്തരവ് തീയതിയിൽ അംഗത്വം ഉള്ളവരും ഇതുവരെ പെൻഷൻ അനുവദിച്ചു ഉത്തരവ് ലഭിക്കാത്തവരും ആയ അംഗങ്ങൾക്കു മേൽപ്പറഞ്ഞ തസ്തികയിൽ സ്ഥിരം ജോലിയിൽ പ്രവേശിച്ച മാസം മുതൽ ഉള്ള കുടിശിക ഉണ്ടെങ്കിൽ 2022 മെയ് 31-നകം പിഴപ്പലിശ കൂടാതെ ഒറ്റത്തവണയായി തുക അടയ്ക്കാൻ അവസരം നൽകുന്നു.

1.(F) പദ്ധതി ചട്ടങ്ങൾ നിലവിൽ വന്ന 2000 ഫെബ്രുവരി 4-നു ശേഷം, ചട്ടം 3 (എഫ്)-ൽ പരാമർശിക്കുന്ന സ്ഥാപനത്തിൽ സ്ഥിരം സർവീസിൽ പ്രവേശിച്ച അംഗങ്ങളിൽ അംശദായം പൂർണമായി അടയ്ക്കാത്തവരും ഇതിനകം പെൻഷൻ അനുവദിച്ചു ഉത്തരവ് ലഭിച്ചവരും/അക്കൗണ്ടിൽ പെൻഷൻ ലഭിച്ചു തുടങ്ങിയവരും ആയ അംഗങ്ങൾക്കു മേൽപ്പറഞ്ഞ തസ്തികയിൽ സ്ഥിരം ജോലിയിൽ പ്രവേശിച്ച മാസം മുതൽ ഉള്ള കുടിശിക ഉണ്ടെങ്കിൽ 2022 മെയ് 31-നകം പിഴപ്പലിശ കൂടാതെ ഒറ്റത്തവണയായി തുക അടയ്ക്കാൻ അവസരം നൽകുന്നു.

1.(G) നിലവിൽ അംഗത്വം ഉള്ളവരും പുതുതായി അംഗത്വം നേടുന്നവരും ഈ ഉത്തരവ് തീയതി മുതൽ അതതു മാസം അംശദായം അടച്ചില്ലെങ്കിൽ, തുക അടയ്ക്കുന്നതു വരെയുള്ള കാലയളവിലേക്ക് ഓരോ മാസത്തിനും അംശാദായത്തിന്റെ 10% തുക പിഴപ്പലിശ കൂടി ഒടുക്കേണ്ടതാണ് (കൂട്ടുപലിശ വേണ്ട). എന്നാൽ തുടർച്ചയായി 6 മാസക്കാലം അംശദായം അടയ്ക്കാതിരിക്കുകയോ ഒരു വർഷത്തിൽ കുറയാത്ത കാലത്തേക്ക് ജോലിയിൽ ഏർപ്പെടാതിരിക്കുകയോ ചെയ്താൽ ചട്ടപ്രകാരം അംഗത്വം സ്വമേധയാ റദ്ദാകും എന്നതിനാൽ അംഗത്വം പുനഃസ്ഥാപിക്കുന്ന സാഹചര്യത്തിൽ മാത്രമേ തുടർന്ന് അംശദായം അടയ്ക്കാൻ സാധിക്കൂ എന്നും, ചട്ടം 7 (2), (3) എന്നിവ പ്രകാരം ഭരണസമിതിക്കോ അല്ലെങ്കിൽ പരാമർശം (3) പ്രകാരം വകുപ്പ് ഡയറക്ടർക്കോ അംഗത്വം പുനഃസ്ഥാപിച്ചു നൽകാവുന്നതാണ്.

1.(H) നിലവിൽ സർവ്വീസിലുള്ളവർ (അംഗത്വമുള്ളവർ) **1(E), 1(F)** പ്രകാരമുള്ള കുടിശ്ശിക നിശ്ചിത തീയതിക്കകം അടച്ചില്ലെങ്കിൽ പ്രസ്തുത തീയതിക്കു ശേഷം അംഗത്വം റദ്ദാകും; റദ്ദായാൽ പുന:സ്ഥാപിക്കാനുള്ള നടപടിക്രമം പരാമർശം (3) പ്രകാരം സ്വീകരിക്കേണ്ടതാണ്.

2) **<u>അംഗമായിരിക്കെ ഒരാൾ മരണപ്പെട്ടാൽ</u>**

അംഗമായിരിക്കെ (വിരമിക്കും മുൻപോ, വിരമിച്ച ശേഷം പെൻഷൻ അപേക്ഷ സമർപ്പിക്കും മുൻപോ) ഒരാൾ മരണപ്പെട്ടാൽ കുടുംബ പെൻഷന് ആവശ്യമായ രേഖകൾ കൂടാതെ സാധാരണഗതിയിൽ പെൻഷൻ അനുവദിക്കാൻ ഒരു അംഗം സമർപ്പിക്കേണ്ട രേഖകളിൽ, ചട്ടത്തിന്റെ അനുബന്ധം 2 ഒഴികെ മറ്റു രേഖകൾ കൂടി അവകാശി സമർപ്പിക്കേണ്ടതാണ്. താഴെപ്പറയുന്ന വ്യവസ്ഥകൾ പരിശോധിച്ചാണ് കുടുംബ പെൻഷൻ അനുവദിക്കേണ്ടത്.

a) 5 വർഷത്തിന് താഴെ സർവ്വീസ് ഉള്ളവരുടെ (അത്രയും കാലം മാത്രം അംശദായം അടച്ചാൽ) നോമിനിക്ക് /കുടുംബത്തിന്, അംശദായം അടച്ച തുക പലിശ രഹിതമായി തിരിച്ച് നൽകുന്നതാണ്. അവരെ കുടുംബപെൻഷനു പരിഗണിക്കുകയില്ല.

b) 5 മുതൽ 10 വർഷത്തിൽ താഴെയുള്ള ഓരോ കേസും അതിന്റെ അർഹത പരിശോധിച്ച് നിശ്ചയിക്കുന്ന തുക കുടുംബപെൻഷനായി നൽകുന്നതാണ്.

c) പത്തോ അതിൽ കൂടുതലോ വർഷം സർവ്വീസ് ഉള്ളവരുടെ നോമിനിക്ക് /കുടുംബത്തിന് അർഹമായ കുടുംബപെൻഷൻ അനുവദിക്കുന്നതാണ്.

**<u>3) സ്ഥാപനം പൂട്ടിപ്പോകുന്നതിനാലോ, സാമ്പത്തിക പ്രതിസന്ധിയോ സ്ഥാപനത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാരണത്താലോ പിരിഞ്ഞു പോകേണ്ടി വരുന്ന ജീവനക്കാരുടെ വിഷയം</u>**

**3.(A)** സ്ഥാപനം സ്ഥിരമായി അടച്ചുപൂട്ടിപ്പോകുന്നതിനാലോ, സാമ്പത്തിക പ്രതിസന്ധി/സ്ഥാപനത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാരണത്താലോ പിരിച്ചുവിടപ്പെടുന്ന/നിർബന്ധിതമായി വിരമിക്കേണ്ടി വരുന്ന/സ്വമേധയാ വിരമിക്കേണ്ടി വരുന്ന ജീവനക്കാർക്ക്, പിരിഞ്ഞ തീയതി മുതൽ 6 മാസത്തിനകം ചട്ടം 3(എഫ്) പ്രകാരമുള്ള മറ്റൊരു മാധ്യമ സ്ഥാപനത്തിൽ സ്ഥിരം ജോലിയിൽ പ്രവേശിച്ച നിശ്ചിത രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അംശദായം (കുടിശിക ഉണ്ടെങ്കിൽ അത് സഹിതം) തുടർന്ന് അടയ്ക്കുന്നതിനുള്ള അനുമതി നൽകേണ്ടതാണ്. എന്നാൽ 55 വയസ് കഴിഞ്ഞവർക്ക് സ്ഥിരം ജോലി ലഭിച്ചില്ലെങ്കിലും അംശദായം (കുടിശിക ഉണ്ടെങ്കിൽ അത് സഹിതം) തുടർന്ന് അടയ്ക്കുന്നതിന് അനുമതി നൽകി അർഹത അനുസരിച്ച 100% അല്ലെങ്കിൽ 50% അല്ലെങ്കിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ അനുവദിക്കാവുന്നതാണ്. ടിയാളുകൾക്ക് അർഹത നിശ്ചയിക്കാൻ താഴെ **3 (D)** യിൽ പറയുന്ന നിബന്ധന കൂടി പരിഗണിക്കേണ്ടതാണ്.

**3.(B)** ഇപ്രകാരം 58 വയസ് വരെ പദ്ധതിയിൽ തുടരുന്നവർക്ക് സർക്കാർ നിശ്ചയിക്കുന്ന പെൻഷൻ പ്രായം എത്തുന്ന മുറയ്ക്ക് മാത്രമേ, അഥവാ പുതിയ സ്ഥാപനത്തിൽ നിന്ന് 58 വയസ്സിനു ശേഷം, സ്ഥാപനത്തിലെ പെൻഷൻ പ്രായം അനുസരിച്ച വിരമിക്കുന്ന മുറയ്ക്ക് മാത്രമേ, പെൻഷൻ അനുവദിക്കുകയുള്ളൂ. എന്നാൽ തുടർന്ന് ജോലി ചെയ്യാനാകാത്ത വിധം രോഗം ബാധിച്ച മെഡിക്കൽ ഗ്രൗണ്ടിൽ വിരമിക്കുന്നവർക്ക് അംശദായം അടച്ച കാലം പരിഗണിച്ച 58 വയസിനു മുമ്പ് പരമാവധി 50% വരെ പെൻഷൻ അനുവദിക്കേണ്ടതാണ്.

**<u>മെഡിക്കൽ സർട്ടിഫിക്കറ്റ്</u>**

ജോലിയിൽ തുടരാൻ കഴിയാത്ത വിധം ആരോഗ്യം ഇല്ലെന്ന് തെളിയിക്കുന്നതും സിവിൽ സർജൻ റാങ്കിൽ കുറയാത്ത ഡോക്ടർ നൽകിയതുമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ആണ് മെഡിക്കൽ ഗ്രൗണ്ടിൽ വിരമിക്കുന്നവർ സമർപ്പിക്കേണ്ടത്.

**3.(C)** പെൻഷൻ പദ്ധതിയിൽ അംഗത്വം എടുക്കുകയും അഞ്ചോ/പത്തോ, അതിലധികമോ വർഷം ചട്ടപ്രകാരമുള്ള പത്രപ്രവർത്തകേതര ജീവനക്കാരനായി അംശദായം അടയ്ക്കുകയും ചെയ്ത വ്യക്തികൾ; ഒരു സ്ഥാപനത്തിൽ നിന്ന് ജോലി രഹിതരായി പുറത്തു പോകുകയും മറ്റൊരു മാധ്യമസ്ഥാപനത്തിൽ ജോലി നേടി അതിന്റെ രേഖകൾ സമർപ്പിക്കുകയോ അല്ലെങ്കിൽ നിലവിൽ അവർ മാധ്യമ മേഖലയിലാണ് ജോലി ചെയ്ത് വരുന്നത് എന്ന് തെളിയിക്കുകയോ ചെയ്താൽ, (ഇങ്ങനെയുള്ളവർ തുടർന്ന് മാധ്യമസ്ഥാപനങ്ങളിൽ/ മാധ്യമസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പത്രപ്രവർത്തകേതര ജോലി നടത്തുകയാണെന്ന് വകുപ്പ് ഡയറക്ടറുടെ അന്വേഷണത്തിൽ ബോധ്യപ്പെടണം) വേജ് ബോർഡ് ശുപാർശ ഉള്ള സ്ഥാപനം എന്ന വ്യവസ്ഥ ഇല്ലാതെ തന്നെ തുടർന്ന് നിശ്ചിത പ്രായം (58 വയസ്സ്) വരെ അംശദായം അടയ്ക്കാൻ അവർക്ക് അനുമതി നൽകേണ്ടതാണ്.

എല്ലാ വർഷവും ഇവർ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് സമർപ്പിക്കണം. സ്ഥാപനത്തിൽ നിന്ന് തൊഴിൽ സർട്ടിഫിക്കറ്റ് ലഭിക്കാത്ത അപൂർവ സാഹചര്യത്തിൽ ചട്ടത്തിൽ അനുശാസിക്കുന്ന പ്രകാരം സംഘടന നൽകുന്ന സർട്ടിഫിക്കറ്റ് പരിഗണിക്കാം. 6 മാസത്തിനകം ഇവർ പുതിയ സ്ഥാപനത്തിൽ ചേരുകയാണെങ്കിൽ, നിയമന ഉത്തരവ്, എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ അംശദായം തുടർന്ന് അടയ്ക്കാൻ അനുവദിക്കുന്നതാണ്. 6 മാസത്തിൽ കൂടുതൽ ആയാൽ അംഗത്വം റദ്ദാവുമെന്നതിനാൽ അത് പുതുക്കാനുള്ള വ്യവസ്ഥകൾ പാലിക്കണം.

അഞ്ചു വർഷം ചട്ടപ്രകാരം അംശദായം അടച്ച ശേഷം തുടർന്ന് മേൽപ്രകാരം ഇളവുകളോടെ അംശദായം അടയ്ക്കാൻ അനുവദിക്കുന്ന സാഹചര്യത്തിൽ അവരെ പെൻഷൻ പ്രായം ആകുന്ന മുറയ്ക്ക് പരമാവധി 50% പെൻഷനു വേണ്ടിയും, 10 വർഷം ചട്ടപ്രകാരം അംശദായം അടച്ച ശേഷം തുടർന്ന് മേൽപ്രകാരം ഇളവുകളോടെ അംശദായം അടയ്ക്കാൻ അനുവദിക്കുന്ന സാഹചര്യത്തിൽ അവരെ പെൻഷൻ പ്രായം ആകുന്ന മുറയ്ക്ക് നിശ്ചിത പെൻഷനു വേണ്ടിയും പരിഗണിക്കേണ്ടതാണ്.

3.(D) പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം നേടി, 10 വർഷമോ അതിൽ കൂടുതലോ കാലം അംശദായം അടയ്ക്കുകയും തുടർന്ന് ജോലി നഷ്ടപ്പെട്ടു പോകുകയും/അല്ലെങ്കിൽ സ്ഥാപനം പൂട്ടിപ്പോകുകയും അവർ മാധ്യമം അല്ലാത്ത മറ്റൊരു മേഖലയിൽ ജോലി ചെയ്തു വരികയാണെങ്കിൽ 10 വർഷത്തെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 58 വയസാകുന്ന മുറയ്ക്ക് ഒരു നിശ്ചിത ശതമാനത്തിൽ അധികരിക്കാത്ത തുക പെൻഷൻ അനുവദിച്ചു നല്കുകയോ അടച്ച പണം 58 വയസ്സിനു മുൻപ് ചട്ടപ്രകാരം തിരിച്ചു നൽകുകയോ ചെയ്യാമോ എന്ന വിഷയത്തിൽ വിശദമായ പഠനം നടത്തി, ചട്ടം പരിഷ്കരണ സമിതി മുൻപാകെ റിപ്പോർട്ട് സമർപ്പിക്കുവാൻ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

3.(E) പെൻഷൻ പദ്ധതിയിൽ അംഗത്വം ലഭിച്ച ചിലർ, കുറച്ചു വർഷം മാധ്യമ സ്ഥാപനത്തിൽ ജോലി ചെയ്യുകയും അംശദായം അടയ്ക്കുകയും അതിനു ശേഷം മറ്റ് മേഖലകളിൽ തൊഴിൽ ചെയ്യുകയും പെൻഷൻ ലഭിക്കുന്നതിനു വേണ്ടി ബാക്കിയുള്ള വർഷങ്ങളിലെ അംശദായത്തുക പിഴപ്പലിശ സഹിതം അടയ്ക്കാൻ തയ്യാറായാൽ ഇത് ഈ പദ്ധതിയുടെ ഉദ്ദേശ്യശുദ്ധിയെത്തന്നെ ബാധിക്കുമെന്നതിനാൽ ഇവർക്ക് പെൻഷൻ അനുവദിക്കേണ്ടതില്ല

**<u>4) പെൻഷൻ കുടിശിക അനുവദിക്കുന്നത് സംബന്ധിച്ച്</u>**

ചട്ടപ്രകാരമുള്ള സാധാരണ അംഗത്വം നേടാതെ പിൽക്കാലത്ത് ഒറ്റത്തവണയായി കുടിശിക അടച്ച അംഗത്വം നേടി പെൻഷൻ അനുവദിച്ചവർക്ക് കമ്മിറ്റി അത് സംബന്ധിച്ച തീരുമാനം എടുക്കുന്ന മാസം മുതൽ ഉള്ള പെൻഷൻ നൽകിയാൽ മതി . അപേക്ഷയിൽ കുടിശ്ശിക നൽകേണ്ടതില്ല. നിലവിലെ സ്ഥിതി തുടർന്നാൽ മതി.

**<u>5) കൺഫർമേഷൻ ലഭിച്ച് 6 മാസത്തിനകം അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാതെ വന്നവരുടെ അപേക്ഷ</u>**

പുതിയ അപേക്ഷ അതാത് ജില്ലാ/ മേഖലാ ഓഫീസിൽ സ്വീകരിക്കേണ്ടതും രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ശേഷം തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. അർഹത ഇല്ലെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തുകയോ, ന്യൂനതകൾ ഉണ്ടെങ്കിലോ അക്കാര്യം സൂചിപ്പിച്ചു കൊണ്ട് അപേക്ഷകന് ജില്ലാ/ മേഖലാ ഓഫീസിൽ നിന്ന് തന്നെ മറുപടി നൽകേണ്ടതാണ്. മറുപടി തൃപ്തികരമല്ലെങ്കിൽ അപേക്ഷകന് ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്. മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ മറുപടിയിലും ആക്ഷേപമുള്ള പക്ഷം വകുപ്പ് ഡയറക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്.

"പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർ പ്രത്യേക തസ്തികയിൽ കൺഫർമേഷൻ കിട്ടി ആറു മാസത്തിനകം അപേക്ഷിച്ചിരിക്കണം" എന്ന പരാമർ ശം (1)-ലെ വ്യവസ്ഥ ഒഴിവാക്കിയ സാഹചര്യത്തിൽ, നിലവിലെ വ്യവസ്ഥകൾ പ്രകാരം ഇവർക്ക് അർഹത ഉണ്ടോ എന്ന് പരിശോധിച്ച്, പൂർണമായ രേഖകൾ ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ/മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ വ്യക്തമായ ശുപാർശയോടെ മാത്രം ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. മുമ്പ് അംഗത്വത്തിനായി അപേക്ഷ സമർപ്പിച്ചവരിൽ ഇതിനോടകം വിരമിച്ചവർക്ക് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**<u>6) 50% പെൻഷൻ ഫുൾ പെൻഷൻ ആക്കുന്നത് സംബന്ധിച്ച്</u>**

ആരോഗ്യപരമായ കാരണങ്ങളാൽ സ്വയം വിരമിച്ച് 50% പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവരുടെ ഫുൾ പെൻഷന് വേണ്ടിയുള്ള അപേക്ഷകൾ ചട്ടപ്രകാരം അർഹതയില്ലാത്തതിനാൽ നിരസിക്കേണ്ടതാണെന്ന ഉപസമിതി തീരുമാനം അംഗീകരിക്കുന്നു.

**<u>7) പത്രപ്രവർത്തകേതര വിഭാഗത്തിൽ നിന്നു പത്രപ്രവർത്തക വിഭാഗത്തിലേയ്ക്ക് മാറിയവരുടെ അപേക്ഷ</u>**

വിഷയം കാലിക പ്രസക്തി ഉള്ളതാണ്. പത്രപ്രവർത്തകേതര വിഭാഗത്തിൽ നിന്നു പത്രപ്രവർത്തക വിഭാഗത്തിലേക്കോ തിരിച്ചോ മാറുന്നവരുടെ വിഷയത്തിൽ പ്രത്യേകം വ്യവസ്ഥ ആവശ്യമാണ്. വ്യവസ്ഥകളുടെ കരട് തയ്യാറാക്കാൻ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

**<u>8) തേജസ് ദിനപ്പത്രത്തിലെ പത്രപ്രവർത്തകേതര ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നത്</u>**

2018 ഡിസംബർ 31-ന് തേജസ് പത്രസ്ഥാപനം അടച്ചു പൂട്ടിയതിനെത്തുടർന്ന് പെൻഷൻ

പദ്ധതിയിൽ അംഗത്വമുണ്ടായിരുന്ന, അംശദായം അടച്ച വന്നിരുന്ന 4 8 ജീവനക്കാർ പത്രപ്രവർത്തകേതര പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇവർക്ക് 6 മാസത്തിനകം മറ്റൊരു മാധ്യമ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് അംശദായം തുടർന്ന് അടയ്ക്കുന്നതിനുള്ള അനുമതി നൽകുന്നു. ഈ പദ്ധതിയിൽ തുടരുന്നവർക്ക് വിരമിക്കുന്ന മുറയ്ക്ക് പെൻഷൻ ചട്ടപ്രകാരം അനുവദിക്കുന്നതാണ്.

9) <u>പാസ് ബുക്കില്ലാതെ വർഷങ്ങളോളം അംശദായം അടച്ചവരുടെ വിഷയം</u>

രജിസ്റ്ററുകളും രസീതുകളും പരിശോധിച്ച് കൃത്യമായി തുക മുഴുവൻ അടച്ചിട്ടുണ്ടെന്നും ക്രമപ്രകാരമാണെന്നും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ സാക്ഷ്യപ്പെടുത്തി നൽകുന്ന മുറയ്ക്ക് അപേക്ഷ പരിഗണിക്കാവുന്നതാണെന്ന ശുപാർശ അംഗീകരിച്ചു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീന.എ.എൻ
ഡെപ്യൂട്ടിസെക്രട്ടറി

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ കമ്മിറ്റി അംഗങ്ങൾക്കും
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Aswathi. S.
Poonkavanam
Date: 03-12-2021 15:55:12
സെക്ഷൻ ഓഫീസർ
Reason: Approved

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പി.എസ്.
ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ സി.എ
സെക്രട്ടറിയുടെ സി.എ
തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ സി.എ
ഡയറക്ടറുടെ സി.എ
അഡീഷണൽ ഡയറക്ടറുടെ സി.എ
ഡെപ്യൂട്ടി സെക്രട്ടറി
ജോയിന്റ് ഡയറക്ടർ/ ഡെപ്യൂട്ടി ഡയറക്ടർ(എം.ആർ)
ഇൻഫർമേഷൻ ഓഫീസർ, (വെബ് &ന്യൂ മീഡിയ-വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
ഇൻഫർമേഷൻ ഓഫീസർ(പി.ആർ-പത്രക്കുറിപ്പ് നൽകുന്നതിന്)